
BBA 19-22

PSMO COLLEGE TIRURANGADI

VOLUME 1 / JUNE 2021

# REVIV3










**BACK TO NORMAL?**

The world is falling apart find out what's happening!

**BIO WAR !**

Is this the start of WW3?

Your current situation is not your final destination. Stay positive:)



# WE WILL REVIVE




MS

**MUHAMMED SINAN**
Editor , Layout

REVIVE, this magazine is about the current affairs which is happening around the world. People around the going through difficulties and hardships , which is happening due to several reasons . We are trying to portray about those issues through this magazine. This magazine has two sections 'SITCH' and 'FIND YOUR' As this is a completely online magazine lots of readers can access this magazine .

Design of this magazine has influence of several international weekly and monthly magazine. We have adopted those layout and this magazine is'nt typical student magazine in terms of layout and designs. Desgnings used in this magazine has lots of graphical works, more like a mixture of graphical designs.

This magazine has well written content of the students from my classmates . This magazine is created within a short period of time and we managed to do our best . Readers will have good reading experience.

# POSITIVITY IS A MUST




## TO KEEP ON GOING

# S I t c H

REVIV3

People are suffering and life is not easy. World is falling apart and we should stay strong:)




# COVID MEDIA

-RASHIDHA KP-

One of the modern communication sites and social mingling through the virtual medium of the internet is social media. Technology has reduced the distance between people; even if it across the two corners of the planet, individuals can interact still through social media even if it across the two corners of the planet,. Social media has now become an important aspect of the human lifestyle. The whole world is at our fingertips all thanks to social media.

The youth is especially one ofthe most dominant users of social media. All this makes you wonder that something so powerful and with such a massive reach cannot be all good.

When we look at the positive aspect of social media, we find numerous advantages. The most important being a great device for education. All the information one requires is just a click away.

Students can educate themselves on various topics using social media.Social media plays an important role in every student's life. It is often easier and more convenient to access information, provide information and communicate via social media. Tutors and students can be connected to each other and can make good use of these platforms for the benefit of their learning and teaching. Moreover, live lectures are now possible because of social media. You can attend a lecture happening in America while sitting in India.

The worldwide pandemic of COVID-19 has presented unparalleled challenges to traditional or face-to-face education.

With the need to contain the virus outbreak, countries have implemented measures to reduce gatherings of large crowds and ensure physical social distancing. Thus, most governments applied the quarantine times that led to stopping traditional education. In consequence, governments have shifted all classes from face-to-face to online classesSocial media platforms such as Facebook and WhatsApp have been used effectively to sustain formal teaching and learning. The most faculty members used Facebook or WhatsApp or Google Classroom and Zoom as the sole tool for academic communication with their students.



Despite having such unique advantages, social media is considered to be one of the most harmful element, the addiction which the academic performance of a student as they waste their time on social media instead of studying. Social media also creates communal rifts.
Fake news is spread with the use of it, which poisons the mind of peace-loving citizens.
Lack of human communication experienced in online school can cause increases in stress and anxiety. Additionally, online learning can cause necessary communicational skills to not be developed by students.
And those who addicted to social media they were engaged in other platforms instead of learning, and which lead them to do negatives.

Furthermore, Social media allows even the smallest business to interact with the wider world. And allows you to create a dynamic online presence and establish a dialogue with a wide audience - including existing customers, new prospects, your competitors and suppliers.Another advantage definitely benefits companies who wish to promote their brands.
Social media has become a hub for advertising and offers you great opportunities for connecting with the customer.
Nowadays all the e-commerce sites have launched their mobile apps to make it even easier. Open the app, click on the items that you wish to buy and proceed to checkout and shopping is done. But unfortunately, there is a chance for hacking personal information and delivering damaged products and unavailability of returning options.



Additionally, as more and more people are distancing themselves from newspapers, they are depending on social media for news. You are always updated on the latest happenings of the world through it. A person becomes more socially aware of the issues of the world. In addition, it strengthens bonds with your loved ones. Distance is not a barrier anymore because of social media. For instance, you can easily communicate with your friends and relatives overseas.

Most importantly, it also provides a great platform for young budding artists to showcase their talent for free. You can get great opportunities for employment through social media too.


Most people believe that social messaging is more of a benefit than a consequence, but using an actually be harmful. It is harmful because it invades your privacy like never before. The oversharing happening on social media makes children a target for predators and hackers. It also leads to cyberbullying which affects any person significantly.

And social media may promote negative experiences such as, Inadequacy about your life or appearance. Thus, the sharing on social media especially by children must be monitored at all times.

About 23 percent of teens reported being bullied on social media and many other users are subjected to offensive comments.

Teens who reported using social media sites more than 2 hours a day were much more likely to report poor mental health outcomes like distress and suicidal ideation. Suicide is one of the top leading causes of death worldwide through cyber bullying and the addiction of social media.

In short, surely social media has both advantages and disadvantages. But, it all depends on the user at the end. As social media is too convenient for people, most of them don't even have to 'speak out' to communicate with people. No longer, people will lost their communication skills. The more serious problem is many people utilised the power of social media and used it to bully someone.The youth must particularly create a balance between their academic performances, physical activities, and social media.. Social media is a very useful tool for us in 21st century, it could help us to improve our life. However, we have to aware of how use them. Excess use of anything is harmful and the same thing applies to social media. Therefore, we must strive to live a satisfying life with the right balance.




# CRICKET WORLD STRUGGLES

**-MOHAMMED ABRAR-**


The COVID-19 pandemic has caused disruption to cricket across the world, mirroring its impact across all sports. Across the world and to varying degrees, leagues and competitions have been cancelled or postponed.
The 2020 international cricket season took place from May to September 2020.

15 Test matches, 49 One Day Internationals (ODIs) and 40 Twenty20 International (T20Is) were scheduled to be played during this period, as well as 8 Women's One Day Internationals (WODIs) and 9 Women's Twenty20 Internationals (WT20Is). Additionally, a number of other T20I/WT20I matches were also scheduled to be played in minor series involving associate nations.

In July 2020, the International Cricket Council (ICC) announced that both the 2020 and 2021 editions of the ICC Men's T20 World Cup had each been postponed by one year due to the pandemic. Therefore, the 2020 tournament was moved to November 2021, and the 2021 tournament was moved to October 2022.The 2023 Cricket World Cup was also rescheduled to take place eight months later than planned, with the tournament moved to October and November 2023

The impact of the COVID-19 pandemic continued into the 2020–21 international calendar. The 2021 Women's Cricket World Cup in New Zealand was scheduled to take place during this time, starting on 6 February 2021.However, in August 2020, this was postponed by one year because of the COVID-19 pandemic.The 2020 ICC Men's T20 World Cup was also scheduled to be played in October and November in Australia, but this was also postponed by one year due to the pandemic.

The Indian Premier League (IPL) 2021 was suspended indefinitely after multiple COVID-19 cases were reported in the past few days including Wriddhiman Saha, Amit Mishra, Varun Chakravarthy and Sandeep Warrier. The suspension comes after 29 matches were played in the tournament amidst a massive surge in COVID-19 cases in the country.



## NEW CRICKET RULES

# കോവിഡിൻ വിളനിലങ്ങൾ

-FATHIMA NAJIYA-


ജനിതകമാറ്റം സംഭവിച്ച കോവിഡ് 19 ന്റെ ഞെട്ടലിൽ ലോകം വിറങ്ങലിച്ചു നിൽക്കുന്ന ഈ സാഹചര്യത്തിൽ ജനം പരിഭ്രാന്തിയിലാണ്. അതുവഴി സാമൂഹിക സാമ്പത്തിക രംഗത്ത് ഉണ്ടാക്കിയ പ്രശ്നവും പ്രതിസന്ധിയും വളരെ വലുതാണ്. മാത്രമല്ല വിട്ടുവീഴ്ച ഇല്ലാതെ അർപ്പണ ബോധത്തോടെ പ്രവർത്തിക്കുന്ന ആരോഗ്യ സന്നദ്ധ പ്രവർത്തകരും നിയമപാലക വൃന്ദവും. അക്ഷീണം പ്രവർത്തിക്കുന്നത് കോവിഡ് കാലത്തെ പ്രത്യേകമായ ചിത്രങ്ങളാണ് എന്നത് പ്രകടമാണ്.

2019 ഡിസംബറിൽ ചൈന എന്ന രാജ്യത്തെ വുഹാൻ നഗരത്തിൽ നിന്ന് പുറപ്പെട്ട ഈ സൂക്ഷ്മാണുക്കൾ ലോകത്തിൻറെ വിവിധ ഭാഗത്തേക്ക് പ്രവഹിക്കാൻ തുടങ്ങിയതോടെ പ്രശ്നം സങ്കീർണ്ണാവസ്ഥയിലേക്ക് എത്തി എന്നതാണ് പ്രധാനം മർഹിക്കുന്ന ഘടകം.അതോടെ ജനങ്ങളുടെ അല്ലെങ്കിൽ മാനവരാശിക്ക് തന്നെ എന്നും പറയാവുന്ന രീതിയിൽ ഭീതിയിലായി തീർന്നു. 2020 ന്റെ പുതുവർഷം ഐശ്വര്യ ഘടനയെ തന്നെ മാറ്റിമറിക്കും വിധം കൊറോണ മാറിക്കഴിഞ്ഞിരുന്നു.തുടക്കത്തിൽ അനിയന്ത്രിതമായ വൈറസിനെ പ്രഭാവത്തെ കുറിച്ച് ആരോഗ്യമേഖലയിൽ തന്നെ വലിയ തരത്തിൽ ചർച്ചയും അതുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുമ്പോൾ റഷ്യൻ കമ്പനികളെ പോലുള്ള വലിയ വലിയ മരുന്ന് കമ്പനികൾക്ക് പോലും ക്രിയാത്മക ഇടപെടൽ നടത്താൻ കഴിയാത്ത രീതിയിൽ വ്യാപാനം രൂക്ഷമായി.

അറ്റമില്ലാത്ത പ്രവർത്തനത്തിലൂടെയും ശാസ്ത്രീയമായും നേരിട്ടെങ്കിലും മുഖാവരണവും കൈ വൃത്തിയാക്കലും മുഖം കഴുകലും ഇടവിട്ട് സാനിറ്റൈസർ എന്ന് മുഖ്യാതിഥി പിന്നെ ആതിഥേയനാവുകയും ചെയ്തു.ഇങ്ങനെ രാജ്യത്തിനകത്തും പുറത്തും നടന്ന ഗവേഷണ പരീക്ഷണങ്ങളിലൂടെയും ബ്രിട്ടനിലും അമേരിക്കയിലും മരുന്ന് പരീക്ഷണം അന്തിമഘട്ടത്തിലുമാണ്.ഇന്ത്യയിൽ തദ്ദേശീയമായി ഉൽപാദിപ്പിക്കുന്ന കോവാക്സിൻ മനുഷ്യരിൽ പരീക്ഷിക്കാൻ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ അനുമതി നൽകിയത് നായിക കല്ലായി. ജീവനില്ലാത്ത വൈറസിനെ ഉപയോഗിച്ചുള്ള ഗവേഷണമാണ് ഹൈദരാബാദിൽ നടക്കുന്നത്.മനുഷ്യരിൽ ഈ വാക്സിൻ കുത്തിവെച്ചാൽ അതിന് രോഗം പരത്താനോ എണ്ണം വർധിപ്പിക്കാനോ കഴിയില്ല.ഈ സാഹചര്യത്തിൽ തന്നെ ജീവനില്ലാത്ത വൈറസുകൾ രോഗ പ്രതിരോധ സംവിധാനത്തിൽ എത്തുമ്പോൾ ശരീരം ആൻറിബോഡി ഉത്പാദിപ്പിക്കും. ഇവ കുറച്ചുകൂടി സുരക്ഷിതവുമാണ്.

ഇത്തരം പരീക്ഷണ പരീക്ഷണത്തിലൂടെ കടന്നുപോവണം .അതിൻറെ രണ്ടു ഘട്ടങ്ങൾ കഴിഞ്ഞു. ഇനി മരുന്ന് ദീർഘകാലാടിസ്ഥാനത്തിൽ രോഗികളിൽ അനാവശ്യ പ്രഭാവം സൃഷ്ടിക്കുമോ എന്നും കണ്ടെത്തേണ്ടിയിരിക്കുന്നു.അതിനു സമയം എടുക്കും.രാജ്യത്തെ മൂന്ന് കമ്പനികളും രണ്ട് ഗവേഷകരും കോവിഡ് മരുന്ന് നിർമാണ പ്രവർത്തനത്തിലാണ്.സെറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, സൈഡസ് കാഡില,പനേഷ്യ ബയോ ടെക് ആഗോള പങ്കാളിത്തത്തോടെ രണ്ടു വാക്സിൻ കൂടി വികസിപ്പിക്കാനുള്ള പദ്ധതിയിലാണ്. ഒന്ന് തോമസ് ജഫേഴ്സൺ സർവകലാശാലയുമായും മറ്റൊന്ന് വിസ്കോൺസിൻ മാഡിസണുമായും ചേർന്നു. മൊഡേണ നിർമ്മിക്കുന്ന MRNA വാക്സിൻ വിതരണത്തിന് തയ്യാറെടുക്കുകയാണ്.ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുമായി ചേർന്ന് അസ്ട്രസെനേക്ക നിർമ്മിക്കുന്ന വാക്സിൻ മൂന്നാം ഘട്ടം കടക്കുകയാണ്.

ഈ രീതിയിൽ 2021 നെ കൊറോണ സ്വാഗതം ചെയ്ത് ഇത്രയും മാസക്കാലം ജനങ്ങൾ കോവാക്സിനും, ശേഷമുള്ള കോവിഷീൽഡും ആണ് പ്രതീക്ഷമായിട്ടുള്ളത്.വരും ദിനങ്ങൾ പുത്തൻ രീതിയിൽ ഇതിൻറെ രൂക്ഷ വ്യാപനത്തെ തന്നെ നിയന്ത്രിക്കും വിധം പുറത്തു വരും.പരീക്ഷണ നിരീക്ഷണങ്ങളുടെ അന്ത്യം സർവ്വർക്കും ആശ്വാസമായ രീതിയിൽ ഫലം ഉണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.









# OFF ON LINE

-SAFVANA JASMIN -

Learning is natural for humans, passing on the knowledge we have acquired so far is wired into our systems. With technology today, learning has become easier than expected.It helped us very largely on this pandemic situation.We have only a solution to revive from this situation.And also that have numerous disadvantages,because the schooling gives us lots of memories and gives confidence to face a crowd.

However, Here we discuss about online learning vs offline learning.All of us know that online learning means learning with the help of internet and technology. It is a very flexible learning system that allows students to study solely via the internet on their own computer at home, or wherever they see fit.Basically, student-teacher face to face meetings are not required, allowing students to study anywhere in the world.Offline Education is a traditional way of learning system. It means a student needs to go in a school, in a classroom, and attend a class face to face with a teacher.

The COVID-19 pandemic has triggered new ways of learning. All around the world, educational institutions are looking toward online learning platforms to continue with the process of educating students.When we look at the positive aspects of online learning,it is less time consuming, lower cost, no need to travel, there are huge options to perform teachers knowledge, it was intresting to students to see as a cartoon or something, they can see their classes as their own time, students can aware about current technology and its uses and also they know how it works. And there are lots of benefits like this.

When we go through it's negative aspects, there have network issue, availability of mobile phones, health issues to students, laziness of students in the absence of controller(teacher), less knowledge of parents to correct their child, burden of parent, homely atmosphere may give them a better place to play, lack of interactions with teachers, the techer was not well bother about his/her student that he/she needs special attention or not. Laziness of students to presents there problems in online platform.

We can say that Offline mode of study is more beneficial and productive as compared to any other mode of study. Because it has some numerous advantages.The offline mode of study enables direct interaction between the teachers and students.Teachers can pay equal attention to every student in the class.They can easily judge the performance of every student in the classroom. Doubts and questions can be cleared easily in the offline mode of studies.and also it facilitates good classroom communication that helps in understanding the concepts easily.

On the other hand, traditional Offline mode of learning also has its disadvantages. It requires physical presence at a fixed time.The class schedule for every day is fixed with no flexibility.Longer schedules of classes are sometimes much boring to attend. Students get less time for self-study due to time wastage in traveling for school and coaching.The lectures given during the classes cannot be repeated whenever required.We suffer great loss in studies if we could not attend the classes due to any unavoidable cause.

The key difference between online and offline is location. When we choose online education that's not much important in the other hand they want to travel to the colleges .When it become online there we don't want to travel and we can save it. Another difference is face to face interactions, when it becomes offline there we have face to face interactions. And we can make the topic clear by practical. And we can see face here too and we cannot get all the persons at a time



Next diffrence is flexibility of the classes. while offline learning requires you to physically travel to a training centre or a school and be present at fixed hours, when online learning allows you to study where ever you want.Lack of social interactions also another difference, suppose if we are the classroom we have to discuss many of things while break time make us joy or we have to share food from different hands it will miss at online class. We have only less social commitments on online class.

In short, we all know how the whole world is facing a huge problem of lockdown due to Coronavirus. All of us need to make the most of this time learn new things. This pandemic has changed our learning system. As a result,schools and education Institutions have been forced to move online .Offline learning environment is better than online Learning environment.We are social beings and switching to the online mode of learning permanently can steal the valuable things from life such as friendships, learning from each other, interaction with teachers and society, behavioral development,helping each other and solving problems, teamwork etc.online way of Learning is not natural by any means; however,it is the best option in the absence of teaching resources and learning materials.






# LAKSHADWEEP

-JAREESHA-

മരതക ദ്വീപ് ആണ് ലക്ഷദ്വീപ്. ആ ദ്വീപിന്റെ സൗന്ദര്യം കടലിന്റെയും കരയുടെയും വർണങ്ങൾ മാത്രമല്ല, അവിടെയുള്ള മനുഷ്യരുടെ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ശാന്തതയുടെയും മാതൃകകൾ കൂടിയാണ്. ഇന്ത്യയിലെ ഏറ്റവും ചെറിയ കേന്ദ്രഭരണ പ്രദേശമാണ് ലക്ഷദ്വീപ്. 35 ദ്വീപുകൾ കൂടിച്ചേർന്ന വെറും 32 സ്ക്വർ കിലോമീറ്റർ മാത്രം വിസ്തീർണമുള്ള  ലക്ഷ്ദ്വീപ്പിൽ 99% ത്തോളം മുസ്ലിം സമുദായത്തിൽ നിന്നുള്ളവരാണ്. ഭൂരിഭാഗവും പരമ്പരാഗത മത്സ്യതൊഴിലാളികളുമാണ്.



എന്നാൽ  ഈയിടെയായി ദ്വീപ്പിലെ സമാധാനത്തിന്നും സന്തോഷത്തിന്നും മേലെ, ജനങ്ങളെ അഭയാർത്ഥികളാക്കി കോർപറേറ്റത്കരണത്തിനും ഗുജറാത്ത് ലോ ബിയുടെ കസിനോ വ്യവസായങ്ങൾക്കും വഴി തുറക്കാനുള്ള ആദ്യ പടിയാണ് നടന്ന്കൊണ്ടിരിക്കുന്നത്. ദ്വീപ് ജനതയുടെ സ്വത്വത്തെയും സംസ്കാരത്തെയും രാഷ്ട്രീയത്തെയും അതി ഭീകരമായാണ് അധികാരികൾ കൈകാര്യം ചെയ്യുന്നത്.

ഇന്ത്യയിലും പരിസരപ്രദേശങ്ങളിൽ എന്ന്. വേണ്ട ലോകമെമ്പാടും കോവിഡ് രൂക്ഷമായപ്പോഴും ഒരു കേസ് പോലും റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത സ്ഥലമായിരുന്നു ലക്ഷദ്വീപ്. എന്നാൽ പുതിയ അധികാരിയുടെ വരവോടെ നിയമത്തിൽ ഇളവ് വരുത്തുകയും, എറണാകുളത്തും ദ്വീപിലുമായി സജീകരിച്ചിരുന്ന ക്വാറന്റൈൻ സെന്ററുകൾ പൂട്ടിക്കുകയും, 48മണിക്കൂർ മുമ്പത്തെ നെഗറ്റീവ് സർട്ടിഫിക്കറ്റ് മതി ദ്വീപിൽ പ്രവേശിക്കാൻ എന്ന ഉത്തരവ് ഇറക്കുകയും ചെയ്തു. ഇതോടെ കോവിഡ് കേസുകൾ വർധിച്ചു. അത് 5000 നും മുകളിലേക്ക് കുതിക്കുകയും മരണസംഖ്യ കൂടുകയും ചെയ്തു.





ഇതോടെ ജനാതിപത്യ
സമരങ്ങളിലേക്ക് കടന്ന ജനങ്ങളെ ഒരു
ചർച്ചക്ക് പോലും ക്ഷണിക്കാതെ,
അഡ്മിനിസ്ട്രേറ്റർ തല്ലിയൊതുക്കി .
ഒരാൾ പോലും കടക്കാനില്ലാതെ പൂട്ടിയ ജയിലുകൾ
നിറഞ്ഞു. സ്കൂൾ ഏറ്റടുത്ത് അവിടെയും ജനങ്ങളെ
കുത്തിനിറചിച്ചു. തനിക്കെതിരെ സമരം ചെയ്തവരെ
ജയിലിലിലടക്കാൻ ഗുണ്ടാ ആക്ട് ദ്വീപിൽ നടപ്പിലാക്കി.
ഒരാൾ പോലും ജയിലിൽ കിടക്കാത്ത ദ്വീപിൽ ആരെ
വേണമെങ്കിലും ഒരു കൊല്ലം വരെ ജയിലിലാക്കാമെന്നായി
.

കടലിനോടടുത്ത് 20m കോസറ്റൽ
റെഗുലേറ്ററി സോനുകളിൽ
നിർമാണപ്രവർത്തികൾ നടത്താൻ
പാടില്ലെന്ന നിയമമുണ്ടായിരുന്നെങ്കിലും
ഉപജീവനാ മാർഗത്തിനുള്ള സാധനങ്ങൾ
വെക്കുന്നതിനുള്ള ഷെഡ് കെട്ടുന്നതിനും
മത്സ്യം പ്രോസസ്സ് ചെയ്യുന്നതിനും വിലക്ക്
ഇല്ലായിരുന്നു . ഈ നിയമം
നിലനിൽക്കെയാണ് യാതൊരു
മുന്നറിയിപ്പോ നിർദേശമോ ഇല്ലാതെ
ജനങ്ങളുടെ ജീവിത മാർഗം നിഷ്കരുണം
തകർത്തെറിയുന്നത്.





ഇവയൊക്കെ കരട് വിജ്ഞാപനം വന്ന ലക്ഷ്ദ്വീപ് ഡെവലപ്പ്മെന്റ് അതോറിറ്റി റെഗുലേഷൻ 2021 ഭാഗമായുള്ള പ്രവർത്തനങ്ങൾ ആണ്. സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാക്കാനാണ് ഇത്തരം ഏകപക്ഷീയമായ പ്രവർത്തങ്ങൾ.

കൂടാതെ വികസനത്തിന്റെ പേരിൽ ഏത് നിമിഷവും കിട്ടുന്ന നഷ്ടപരിഹാരവും വാങ്ങി കുടിയിരക്കപ്പെട്ടേക്കാവുന്ന തരത്തിലാണ് നിയമങ്ങൾ വരുന്നത്. പഞ്ചായത്ത് റെഗുലേഷന്റെയും സഹകരണ മേഖലയുടെയും മുകളിൽ കടുത്ത നിയന്ത്രണങ്ങളാണ് കൊണ്ട് വന്നിരിക്കുന്നത്. രണ്ടിൽ കൂടുതൽ കുട്ടികൾ ഉള്ളവർക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കാനാവില്ല എന്നു പറയുന്നതും, ടൂരിസത്തിന്റ പേരിൽ പ്രദേശത്തെ മദ്യ നിയന്ത്രണങ്ങൾ എടുത്തുകളയുന്നതും, പശു മാംസം നിരോധിക്കാന്നുമുള്ള നീക്കങ്ങളെ എല്ലാം ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയുടെ അജണ്ടയാണ് എന്നത് പകൽ പോലെ സത്യമാണ്. അപ്രകാരം തന്നെയാണ് 2019-ൽ നടന്ന CAA പ്രതിഷേധ പോസ്റ്ററിന്റ പേരിൽ രണ്ടു വർഷങ്ങൾക്കിപ്പുറം കേസ് എടുക്കുന്നതും ജയിലിലിലടക്കുന്നതും.



തീർച്ചയാണ് എതിർത്തു പറയുന്ന ഓരോ ആളുകളും കുടിയിരക്കപ്പെടും, ജയിലിലടക്കപ്പെടും, കൂട്ടത്തോടെ ഉന്മൂലനം ചെയ്യപ്പെടും, വിഭവങ്ങൾ ചൂഷണം ചെയ്യപ്പെടുകയും ജനങ്ങൾ തൊഴിൽ രഹിതരാവുകയും ചെയ്യും. പാരമ്പര്യ  സംസ്കാരത്തെ തുടച് നീക്കാനും മത ന്യൂനപക്ഷങ്ങളെ അടിച്ചമർത്താനുമുള്ള തീരുമാനങ്ങൾ വ്യക്തമാണ്

1947-ൽ സ്വാതന്ത്ര്യം നേടി എന്ന് നാം പറയുമ്പോഴും പലയിടത്തും ഇപ്പോഴും സ്വാതന്ത്ര്യമില്ല. സ്വാതന്ത്ര്യം എന്നുള്ളത് ഒരു പ്രത്യേക കലാവാധിക്കോ ഒരു പ്രത്യേക ജനതക്കോ മാത്രം ഉണ്ടാവേണ്ട ഒന്നല്ല. മറിച് ഒരു രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും വേണ്ടി ഉള്ളതാണ് . കാതങ്ങൾക്കപ്പുറത്തുള്ള ഫലസ്തീൻ ജനതക്കും മറ്റും ഐക്യദാർഢ്യം പ്രഖ്യാപിച്ച നമ്മൾ അവർക്ക് വേണ്ടി ശബ്ദിച്ച നാം കുറച്ചു കിലോമീറ്ററുകൾ മാത്രം അകലെയുള്ള നമ്മുടെ സഹോദരങ്ങളെ കണ്ടില്ലെന്ന് നടിക്കുകയാണോ?.

# FINd yoUR



# പുരുഷാധിപത്യം

-NAHANA-



പകച്ചുപോയ് ആ പെരും
അട്ടഹാസത്തിൻ സ്വരം
ചിതറിത്തെറിച്ചോ എൻ മനവും
പളുങ്കിനൊപ്പം..
കരഞ്ഞില്ല എൻ മനം കല്ലു പോൽ തീർത്തോ
അതോ മിഴിനീരിനാര്
എന്തെന്നറിയില്ല അവൻ മുഖം എൻ
നെഞ്ചിൽ വെട്ടിപ്പിളർത്തുന്നപോൽ...
ക്ഷണ നേരം ഓർത്തു ഞാൻ
അവനെൻ പാതിയല്ലേ...
മാനമറിയാതെ എനിക്കുമേൽ
ഞാനവനെ സ്നേഹിച്ചു
അവനും തന്നു ഞാൻ പോലുമറിയാത്ത അവന്റെ
മനസ്
ഹോ മധുരമാം ആ സ്വരമെനിക്കിന്നൊരു
പേടിസ്വപ്നം മാത്രമോ...
അറിയുന്നുവോ ഞാനിന്നവനെ സ്നേഹിക്കയോ
അതോ..........

# DEATH

-RAHNA-

It is a dark sea
No one can escape
End of all joy
An endless dark sea
We can't breathe
No thirst
No hunger
End of the sensing
No one can predict
It does not need time
A sudden attack
And get entry to darkness
All are crying around us
But we can't cry
We are flying between them
Like a child of unknown

# ബാധ

-AYSHA THESNI-



നഷ്ട്ടപ്പെട്ടു കഴിഞ്ഞാൽ
അമ്മ
ഒരു ബാധയാണ്

സ്നേഹിച്ചതിനവൾ
കണക്ക് പറയുമ്പോ
പുറകിൽ വന്നൊരു
കൈ കൊണ്ട്
തലോടുന്നതായി തോന്നും

രാത്രിയേറെ വൈകി
വീട്ടിലെത്തുമ്പോൾ
ചോറിൽ വെള്ളമൊഴിച്ചെന്ന്
കേൾക്കുമ്പോൾ,
എന്നും
ഉറങ്ങാതെ കാത്തിരിക്കുന്ന,
അണയാതെ കൊളുത്തി വെച്ച
ഒരു വിളക്ക്
നെഞ്ചിലേക്ക് കയറി വരും.

ഇനി തിരിച്ചു വരില്ലെന്ന്
പറഞ്ഞ്
അവൾ വീട്ടിലേക്ക് മടങ്ങുമ്പോൾ
എത്ര വഴക്ക് പറഞ്ഞാലും
രാവിലെ വന്ന്
കതകിൽ മുട്ടുന്ന ഒരു കാറ്റ്
എവിടെ നിന്നോ
കയറി വരും.

നഷ്ട്ടപ്പെട്ടു കഴിഞ്ഞാൽ
അമ്മ ഒരു ബാധയാണ്.
സ്നേഹവും
കരുതലും നഷ്ട്ടപ്പെടുന്ന
ഒരിടത്തു വെച്ച്
അത് നമ്മെ
പിടികൂടും.

അമ്മ
ഇപ്പോഴും ഒരു പാവമാണ്
പകരം വയ്ക്കാൻ
ആരെങ്കിലുമൊക്കെ വന്നോ
എന്നറിയാൻ
വന്ന് നോക്കുന്നതാണ്....!



# ഗാസ

-FATHIMA AMAL-

രക്തത്തിൽ നനഞ്ഞു കുതിർന്ന
വഴികളിലൂടെ
ഓരോ  കെട്ടിടവും ചന്നിചിതറിയ
വഴികളും
ശബ്ദകോലാഹലങ്ങളാൽ വിറച്ചു
നിൽക്കുന്ന ചുമരുകളും
തീ  തുപ്പുന്ന  യന്ത്രങ്ങളും
തേങ്ങലടക്കാനാവാത്ത അവസാ ശ്വാസവും
ഓരോ നിമിഷവും ഭീതിയോടെ
നോക്കികൊണ്ടിരിക്കുന്ന നേരം
ഓരോ അലർച്ചയായി കാതിൽമുഴങ്ങുന്നു

ചിന്നിചിതറിയ ശരീരവശിഷ്ടങ്ങളും
അലർച്ചയുടെ അവസാന തേങ്ങലിൽ
ജീവന്റെ  അവസാന  തുടിപ്പിൽ
ഇത് എന്ന് അവസാനിക്കുമെന്നറിയാതെ
ഞങ്ങൾ



# ലോക്ക് ഡൗൺ

-SHAHINA-

എൻ വീട്ടിലെ കിളിയുടെ വ്യഥ ഞാൻ അറിയുന്നു
ലോകം മഹാമാരിയിൽ മുങ്ങുന്നൊരീ വേളയിൽ,
കൂട്ടിലടച്ച പോലുള്ളൊരീ ജീവിതം,
എത്ര വേദനാജനകം !
അടച്ചു പൂട്ടിക്കിടക്കുന്ന കടകളും വഴികളും,
എന്നു തുറന്നീടുമെൻ
ആശങ്ക മാത്രം
മാറ്റിടേണം നമ്മുടെ
ശീലങ്ങൾ സകലതും,
പുതിയൊരു ലോകത്തിനായ്
പ്രാർത്ഥന മാത്രം.....

# ബന്ദ്@2050

-ABHINAND-

സ്നേഹ രാവിലെ എഴുന്നേറ്റു. മൊബൈൽ ഓണാക്കി ഇന്നലെ തന്റെ ഓസ്ട്രേലിയയിലെ ഫ്രണ്ട് കുറെ മെസ്സേജ് അയച്ചിരിക്കുന്നു , പക്ഷെ ഉത്തരം നൽകാനായി നെറ്റ് ഓണാക്കി പക്ഷെ വർക്ക് ആകുന്നില്ല അപ്പോൾ അവൾ ബാലൻസ് നോക്കി പക്ഷെ ബാലൻസ് തീർന്നിട്ടില്ലായിരുന്നു . ദേശ്യത്തോടെ പ്രഭാത കൃത്യങ്ങൾ ചെയ്തു ശേഷം മുറ്റത്തേക്ക് ഇറങ്ങി പടുകൂറ്റൻ മതിൽ കെട്ടിലാണ് തന്റെ വീട് സ്ഥിതി ചെയ്യുന്നത് അടുത്തുള്ള ആരോടും കൂട്ടില്ല. കുറച്ചു സമയങ്ങൾക് ശേഷം ഫോൺ റീസ്റ്റാർട്ട് ചെയ്ത് നോക്കി കാരണം അവൾക് ക്ലാസ്സുണ്ടായിരുന്നു ലൈവ് ക്ലാസ്സായിരുന്നു പക്ഷെ അപ്പൊ അവളെ ഇൻബോക്സിലേക്ക് ഒരു മെസ്സേജ് വന്നു അവളെ ക്ലാസ്സ് അഡ്വൈസരുടേതായിരുന്നു ഇന്ന് നെറ്റ്‌വർക്ക് ബന്ദ് ആണ് കാരണം ഏതോ മന്ത്രിയുടെ ഫോൺ ഹാക്ക് ചെയ്തിരിക്കുന്നുവത്രെ

# പ്രകൃതിയുടെ നോവുകൾ

-SHIMLIYA-

പ്രകൃതി കരയുന്നു
മിഴിനീർകണങ്ങൾ  ഒഴുകിനടക്കുന്നു
ചെന്നുപതിക്കേണ്ടിടമറിയാതെ
ലക്ഷ്യമില്ലാതലയുന്നു
തോടുംപുഴകളും
കരകവിഞ്ഞൊഴുകുന്നു
ഇരച്ചുകയറുന്നു
മനുഷ്യമാളിക പ്രകൃതിയുടെ
കണ്ണീരിലാഴ്ന്നുപോകുന്നു
പ്രകൃതി പ്രകമ്പനം കൊള്ളുന്നു
കിടുകിടാ വിറക്കുന്നു
ആർത്തനാദങ്ങളും അട്ടഹാസങ്ങളും
വിണ്ണിലേക്കുയരുന്നു
മനുഷ്യമാളിക ശിഥിലമാകുന്നു
ക്രൂരമാം മനുഷ്യന്റെ കൈകളെ
പ്രകൃതി ഭയക്കുന്നു
തനിക്കേറ്റ മുറിവിനെ തഴുകി തലോടുന്നു
നല്ല നാളെയുടെ പ്രതീക്ഷയിൽ
പ്രകൃതി ചിരിക്കുന്നു
മന്ദസ്മിതം തൂകുന്നു.

# കോവിഡ്

-HIBA SHOUKATHALI-

ഭയപ്പെടേണ്ട!!! കരുത്തനായി
അവൻ
നമ്മിലേക്ക് ഇടിച്ചു കയറി
മൂക്കും വായയും അടച്ചു കെട്ടി
നാല് ചുവരുകൾക്കുള്ളിൽ
ബന്ധമാക്കി  അവിടം
സ്നേഹം തിങ്ങി
നമ്മിലേ പല ഹൃദയങ്ങളും
ഇന്ന് ഓർമയായി
പലരും പോരാളികളായി
സൗഹൃദങ്ങളും
കുടുംബബന്ധങ്ങളും
ചതുരാകൃതിയിലേക്കു
പരിണമിച്ചു
ടെലിഫോൺ  ഉപയോഗശൂന്യാമെന്നത്
വാദികൾ  തലതിരിച്ചു
ദുഷ്കരം
അവൻ മനസ്സുകളെ ശുദ്ധമാക്കി
തുല്യരാക്കി
കപ്പയും കാച്ചിലും
ചേനയും ചിരങ്ങയും
വന്ന വഴികൾ കാണിച്ചു
അതെ അവൻ തന്നെ
കോവിഡ്....





# അണയുന്ന വെളിച്ചം

-YASIRA-

തന്റെ ജീവിതത്തിലെ ഏറ്റവും വെറുക്കപ്പെട്ട നീണ്ട അഞ്ചു വർഷത്തിന് ശേഷം പുറത്തു വന്നപ്പോൾ അയാളുടെ മനസ്സിൽ പ്രതീക്ഷകളുടെ തിരയിളക്കം അനുഭവപ്പെട്ടു.. ദാരിദ്രത്തിന്റെ കൈപുനീർ  കുടിക്കാൻ തുടങ്ങിയത് ചെറുപ്പത്തിൽ തന്നെയാണ്. മദ്യപാനം ശീലമാക്കിയ അച്ഛൻ സ്വത്തെല്ലാം വിറ്റു തുലച്ചു കടം ബാക്കി വെച്ചാണ് യാത്ര പറഞ്ഞത്. സുഖ സൗകര്യങ്ങളോടെ അമ്മ ദുരിതത്തിന്റെ കയങ്ങളിലേക്ക് വീഴുന്നത് ചെറുപ്പത്തിൽ തന്നെ അവൻ മനസ്സിലാക്കിയിരുന്നു.

അടുത്ത വീടുകളിലെ അടുക്കള പണി ചെയ്ത് തന്നെ പോറ്റുന്ന അമ്മയെ സുഖ സൗകര്യങ്ങളോട് വാഴിക്കണം എന്ന ചിന്ത അവനിൽ ദിനം പ്രതി കൂടി വന്നു. പെട്ടന്ന് പണം സമ്പാദിക്കാനുള്ള വഴിയാണ് വലുതായപ്പോൾ മുതൽ അവൻ ചിന്തിച്ചു കൊണ്ടിരിക്കുന്നത്.ആഗ്രഹങ്ങൾക് അറ്റമില്ലല്ലോ?. അത്യാവശ്യം സംസാരിച്ചു മറ്റുള്ളവരെ വലയിൽ വീഴ്ത്താനുള്ള കഴിവ് ഉണ്ടായിരുന്നത് കൊണ്ട് അന്യ നാട് സ്വപ്നം കാണുന്നവരെ പെട്ടന്ന് തന്നെ അവൻ തന്റെ വരുതിയിലാക്കി.വിസ തട്ടിപ്പ് പ്രശ്നമായി പോലിസ് കേസെടുക്കുന്നത് വരെ അത് തുടർന്നു.

അറസ്റ്റ് ചെയ്ത് ജയിലിലടക്കപ്പെട്ടത്തോടെ കഴിഞ്ഞതെല്ലാം ഓരോന്നായി മനസ്സിലേക്കെത്തി.ഭൂമി വിറ്റും കിടപ്പാടം പണയ പെടുത്തിയും എത്ര പേർ വിസക്കായി തന്റെ കയ്യിൽ ലക്ഷങ്ങളെൽപ്പിച്ചു.പണമെല്ലാം തന്റെ അക്കൗണ്ടിലേക്ക് ഒഴുകിയപ്പോൾ ഒരു മധുര പ്രതികാരത്തിന്റെ പുഞ്ചിരിയാണ് വിരിഞ്ഞത്.

തന്റെ യവ്വനത്തിന്റ നല്ലൊരു പങ്ക് ജയിലിൽ കഴിയേണ്ടി വന്നപ്പോൾ താൻ ചെയ്ത തെറ്റിന്റെ തീവ്രത മനസ്സിലായി. ഏകമകൻ തടവിലായത് ആ പാവം അമ്മയെ ഏറെ തളർത്തി കഴിഞ്ഞിരുന്നു.

അഞ്ചു വർഷം കൊണ്ട് തന്റെ നാടിനു വന്ന മാറ്റം അവനെ അത്ഭുതപ്പെടുത്തി.അടുത്ത് കണ്ട ചായക്കടയിലേക്ക് അവൻ കയറി.
"ഒരു ലൈറ്റ് ചായ "
ചുറ്റുള്ളവർ തന്നെ തുറിച്ചു നോക്കുന്നത് ശ്രദ്ധിക്കാതെ അവൻ ഒരു സ്റ്റൂളിൽ ഇരിപ്പുറപ്പിച്ചു.
'ആരാണ് മനസ്സിലായോ'?
'പിന്നെ...... ഇവനെയൊക്കെ എങ്ങനെ മറക്കാനാ..എത്ര കുടുംബത്തിനെയാ ഇവൻ കണ്ണീർ കുടിപ്പിച്ചത്. കടയിലുള്ളവരുടെ സംസാരം പതുക്കെആയിരുന്നെങ്കിലും അവൻക് വ്യക്തമായി കേൾക്കാമായിരുന്നു.

'ഇവന്മാർക്കൊക്കെ ശിക്ഷ കുറച്ചു കൊടുക്കരുത്.ജീവ പര്യന്തം തന്നെ വേണം എന്നാലേ നാട് നന്നാവൂ'..ഒരാളുടെ അഭിപ്രായം അല്പം ഉറക്കത്തെന്നെ ആയിരുന്നു. അത് കൂടി കേട്ടപ്പോൾ ചായ കുടിക്കാതെ തന്നെ കത്തുന്ന ചൂടിലേക്ക് അവൻ ഇറങ്ങി.തന്റെ നല്ല നടപ്പു കാരണം ജയിലിലെ ശിക്ഷ കുറച്ചത് വേണ്ടായിരുന്നു എന്ന് അയാൾക് തോന്നി.എങ്കിലും അമ്മയെ കാണാനുള്ള അതിയായ മോഹത്താൽ ക്ഷീണം വക വെക്കാതെ വീട്ടിലേക്ക് നടന്നു..

ഉമ്മറത്തൊന്നും അമ്മയെ കണ്ടില്ല. കോലായിലേക്ക് കയറാനായപ്പോഴാണ് ചുവരിലെ ഫോട്ടോയിൽ കണ്ണുകലുടക്കിയത്.അമ്മയുടെ ഫോട്ടോയിൽ പൂമാല ചാർത്തിയിരിക്കുന്നു.അമ്മയുടെ അവസാന സമയത്ത് പോലും സ്വന്തം മകനെ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചല്ലേ?. അതോ അത്രമാത്രം ഈ പാപിയായ മകനെ അമ്മ വെറുത്തുവോ...?കണ്ണുകളിൽ ഇരുട്ട് കയറുന്നത് പോലെ അയാൾക് അനുഭവപ്പെട്ടു.വന്ന വഴിയിലൂടെ തപ്പി തടഞ്ഞു അയാൾ തിരിച്ചു നടന്നു.


# ക്വാറന്റീൻ

-SHIMLIYA-

ജനൽ പാളികൾക്കിടയിലൂടെ ഞാൻ വ്യഥയോടെ താഴേക്ക്
കണ്ണോടിച്ചു. പ്രകൃതിതൻ  പച്ചപ്പിലേക്കായിരുന്നു എന്റെ
നയനങ്ങൾ ഓടിയടുത്തത്. ഇന്നലെ പെയ്ത
മഴത്തുള്ളികളെല്ലാം
മരങ്ങളെ തഴുകി മണ്ണിനെ
പുണരുന്നുണ്ടായിരുന്നു.കൂട്ടിലടകപ്പെട്ട പറവകൾ വരെ
ആകാശ വിരിമാറിൽ ആനന്ദനൃത്തമാടുന്നുണ്ടായിരുന്നു.
ചില്ലകൾ  അടുക്കിവെച്ച കൂട്ടിൽ നിന്നും
മാതൃസ്നേഹത്തിന്റെ അലയൊലികൾ
മുഴങ്ങുന്നുണ്ടായിരുന്നു. പ്രകൃതിയൊരുക്കുന്ന ഈ വിഭവ
സമൃദ്ധിയിൽ എന്റെ മിഴികൾ ഉടക്കിനിന്നു. അപ്പോഴേക്കും
ഒരു കാറ്റ് ദിശയറിയാതെ പാഞ്ഞടുത്തിരുന്നു. അത്
എന്നിൽ നിന്നും എത്രയോ അകലം പാലിച്ച് ജനൽ
പാളികളെ തഴുകി കടന്നുപോയി.എന്റെ ഉറ്റവരെല്ലാം
എങ്ങോ പോയ്മറഞ്ഞിട്ടുണ്ടായിരുന്നു. വീടിന്റെ
നിശബ്ദതയിൽ ഞാൻ  ഏകനായിരുന്നു.



ആ ചുവരുകൾക്കുള്ളിൽ ഞെരുങ്ങിയമർന്ന ഞാൻ
ഒരു മനുഷ്യ മനസ്സിനെ കാണാൻ വെമ്പൽ കൊണ്ടു.
വീടിന്റെ ഉമ്മറപടിയിൽ ആരോ കൊണ്ട്
വെച്ച പൊതിച്ചോറിൽ എന്റെ ദൃഷ്ടി പതിഞ്ഞു.
വിശന്നു വിയർത്ത ഞാൻ അതെടുത്തു
ആർത്തിയോടെ കഴിച്ചു. അപ്പോഴും എനിക്ക്
വിശക്കുന്നുണ്ടായിരുന്നു.ഈ മണ്ണിനെ സ്പർശിക്കാൻ,
ഭൂമിയെ തലോടാൻ, വിണ്ണിൻ വിരിമാറിലെ കാഴ്ചകൾ
കണ്ടാനന്ദ നൃത്തമാടാൻ.ഇതെന്ന് സാധ്യമാകുമെന്ന
ചോദ്യത്തിനുമുന്നിൽ ഞാൻ ഉത്തരമില്ലാതലഞ്ഞു.
കുപ്പിക്കുള്ളിലെ ആൽക്കഹോൾ കലർന്ന
മിശ്രിതത്തിൽ നിന്നും അല്പമെടുത്ത് ഞാനെന്റെ
കൈകളെ അണുവിമുക്തമാക്കി. ഒരു
മാസ്കുപോയോഗിച്ച ഞാനെന്റെ വദനത്തെ വരിഞ്ഞു
മുറുക്കി സ്വയം രക്ഷപ്രാപിച്ചു.ഇനിയും കൊഴിഞ്ഞു
വീഴാനുള്ള ദിവസങ്ങളുടെ ദൈർഘ്യത്തേയോർത്ത്
ഞാൻ വീണ്ടും വിഷാദനായിരുന്നു.



# ഒരു രാത്രിയുടെ കഥ

-WAHADA-

ഏകാഗ്രമായിട്ടുള്ള ഈ ഇരിപ്പ് മനസ്സിനെ വല്ലാതെ സ്വാധീനിച്ച പോലെ. ഒരു തരം തണുപ്പ് നഗ്ന പാദങ്ങളെ വിരിഞ്ഞു മുറുക്കുന്ന പോലെ തോന്നുന്നു. ആ തണുപ്പിനെ എങ്ങനെ നിർവചിക്കണം എന്നറിയില്ല. അതിനു തക്കതായ ഒന്ന് ഉണ്ടോ? പുറത്തേക്കിറങ്ങി ഇരുട്ടിനെ അണഞ്ഞു പിടിക്കാൻ വല്ലാത്തൊരു കൊതി. ഇരുട്ടിന് എങ്ങനെ ഇത്രത്തോളം മനോഹരമായി പുത്തുലഞ്ഞു നിൽക്കാൻ കഴിയുന്നു. മഹാന്മാരുടെ കൽപനിക കാവ്യങ്ങളെ മുഖ്യ കടപ്പാത്രമായി ഇരുട്ട് എങ്ങനെ മാറി. മാനത്തു ചിരിച്ചു നിൽക്കുന്ന നക്ഷത്രങ്ങൾ സത്യത്തിൽ ഇരുട്ടിന്റെ മനോഹരിതക്കു ഭംഗം വരുത്തുകയല്ലേ ചെയ്യുന്നത്. ഇങ്ങനെ ഒരാളും പറഞ്ഞിട്ടുടക്കില്ല..... ഈ രാത്രി ഇങ്ങ്നെയങ്ങു നീണ്ടു നിന്നിരുന്നെങ്കിൽ.... നിശബ്ദത അന്തരീക്ഷത്തെ മലിമാസമാക്കാൻ ആർക്കോ വേണ്ടി ചുവരിൽ ആണിയടിച്ചു തൂക്കിവെച്ച ക്ലോക്ക് ആർകെനില്ലാതെ അതിന്റെ സൂചിയെ ഭാരത്തോടെ നീക്കികോണ്ടിരിക്കുന്നു.

അസാഹ്യമാം വിധം അത് ശബ്ദിക്കുന്ന.... മനസ് ഒരു ചുഴലിയിൽ പെട്ടതു പോലെ കുത്തിക്കുന്നു. എത്ര ചെന്നെത്തിട്ടും എവിടെയും നിലയുറക്കാൻ കഴിഞ്ഞില്ല. വേദനജനകമായ ഒന്നും സംഭവിച്ചിട്ടില്ല. എന്നിട്ടും ആർക്കോ, എന്തിനൊ വേണ്ടി ആ മനസ് വേദനിക്കുന്നു.... രാത്രിയെ പരിപൂർണ്ണമാക്കാൻ സർവ്വ ശക്തിയുമെടുത്ത് തന്റെ കടമ നിറവേറ്റുന്നതിനെന്ന പോലെ ചിലക്കുന്ന ചീവിടുകളെ കണ്ടുപിടിക്കാൻ പണ്ടു നടത്തിയ ശ്രമങ്ങളുടെ അടയാളങ്ങൾ ഓർമ്മ എന്ന തലക്കെട്ടുമായി മനസ്സിന്റെ ഏതോ ഒരു മൂലയിൽ കുടി കൊള്ളുന്നു... ആ മകര മഞ്ഞിനെ തലോടിയുള്ള കാറ്റ് സുഗന്ധം വഹിച്ച് കൊണ്ട് വീണ്ടും ജനവാദിലിലൂടെ എത്തിനോക്കുന്നു...

ഇങ്ങനെ പരസപരം ബന്ധമില്ലാത്ത ഓരോന്ന് ആലോചിക്കാൻ അവൾക്ക് ഹരം കൂടി വന്നു. പക്ഷെ ആ കാറ്റിന്റെ കൈ വെള്ളയിൽ ഉറങ്ങാൻ വേണ്ടി മാത്രം അവൾ ഡയറിയുടെ തളുകൾ അടച്ചു വെക്കുന്നു.

# മന്ത്രിക്കസേര

-MOHAMMED IRSHAD-

ഇടതും വലതുമായി
പക്ഷം തിരിഞ്ഞവർ
കടിപിടി കൂടുന്നു.
ഭരണത്തിലേറുവാൻ

പൊതുജനമാം പാവം
കഴുതകളെ നോക്കി
ഇരു കൈകൾ കൂപ്പിയും
പുഞ്ചിരി തൂകിയും

കട്ടുമുടിക്കാനായ്
ജന്മമെടുത്ത ചിലർ
ആക്രാന്തം കാട്ടുന്നു
മന്ത്രിക്കസേരക്കായ്

അധികാരമേറിയാൽ
പിന്നെ തുടങ്ങിടും
കുംഭകോണങ്ങൾ തൻ
തിരാ പരമ്പര

ഇത്തരക്കാരിവിടുള്ള
കാലത്തോളം
എങ്ങനെ നന്നാകും
നമ്മുടെ  നടയ്യോ....



# ഇതോ മാതൃത്വം...

-JITHIN-

ആരോ ഉപേക്ഷിച്ചു ഈ വഴിത്താരയിൽ
ഏങ്ങലടിച്ചു കരയും കുഞ്ഞേ
നിന്നൊമലാം മുഖം കണ്ടിട്ടുമൊട്ടും
കനിവു തോന്നാത്തൊരു മാതൃത്വമോ
ഹ! അറക്കുന്നു ഞാനാ സ്ത്രീമുഖം
ഇന്നുമിങ്ങനെയൊരമ്മയോ!
നിന്റെ ഈ ഈറൻ മിഴികളെ
കഴുകാൻ കഴിയാത്തവൻ നീച തന്നെ!
എൻ മനം പൊട്ടുന്നു നിന്റെ ഈ മിഴിയിണകൾ നനഞ്ഞിടുമ്പോൾ
ഹേയ്, അമ്മതൻ മഹത്വമവൾക്കറിയുന്നതോ
അതോ അതും വെറുമൊരു നാട്യമോ?
താരാട്ടിൻപാട്ട് ശ്രവിക്കേണ്ട അവളിന്ന്
മണ്ണിൻ കളകളം ശ്രവിക്കയായ്
മഴപോലും നിലക്കയായ് അവളുടെ
അമ്മേ എന്ന വിളിക്കു മീതെ
നിൻ സ്നേഹമത്രയും അവൾക്കുനേ
നൽകേണ്ട നീയിന്ന് വെറുമൊരു
പെണ്മ മാത്രം...
ഈശ്വരൻ നൽകും നിനക്കൊരു
പ്രതിഫലം നിൻ കുഞ്ഞു ഏകയായ്
വളർന്നിടുമ്പോൾ...
ഓർക്കുക നിൻ ജന്മമത്രയും
എങ്ങനെയെന്നത് വിധിച്ചവനറിയാം....

# വിരിയും മുൻപേ കൊഴിഞ്ഞു പോയ പൂക്കൾ


-SITHARA FABI-

അതിരാവിലെ എണീറ്റു പത്രങ്ങളിലൂടെ ഒന്ന്
കണ്ണോടിച്ച എൻ ഹൃദയം അറിയാതൊന്നു
പിടഞ്ഞു....
ഹൃദയം വിങ്ങിപ്പൊട്ടുന്നു...
എന്തിനെന്നറിയാതെ നടത്തുന്ന
കലാപങ്ങൾ, പൊഴിയുന്നത് ജീവിതം
എന്തെന്നറിയാത്ത പൈതങ്ങൾ...
ജന്മം തന്ന ഭൂമിയിൽ ചിരിച്ചുകൊണ്ട്
അമരുമ്പോൾ ലജ്ജ തോന്നുന്നില്ലേ
മനുഷ്യാ...
വിജനമാം കലാപം വിനോദമാകുന്നവരെ
അറിയുക, നിങ്ങൾ തിരികൊളുത്തുന്നത്
വിരിയുന്ന സ്വപ്നങ്ങൾക്ക് മേലാണ്....
നീയാൽ കൊഴിഞ്ഞുപോകുന്നത് മിഴി
തുറക്കും മുൻപ് അടർന്നു പോകുന്ന
പുഷ്പമാണ്....
നീ അണിഞ്ഞ പുടവ നിന്നിലേക്
ചേർത്താനാണ് അടർത്തനല്ല....
ഒന്ന് ഓർക്കുക ഇവർ വഴിതെറ്റി വന്നവർ
അല്ല വഴിതേടി വളർന്നവരാണ്...

# നിൻ തിരിച്ചു പോക്കിനായ്

-JISHNA P-

കാലത്തിന്റെ വികൃതിയിൽ
പിറന്നുവീണ കുഞ്ഞൻ വൈറസേ
അറിഞ്ഞില്ല നീയിത്ര ക്രൂരനാണെന്
ക്ഷണനേരം കൊണ്ടല്ലോ
സഞ്ചരിച്ചതു നീ.......
സർവ്വത്ര മൂടി മറച്ചതും നീ
എന്ന് തീരും നിൻ അവതാര പിറവി
കാത്തിരിപ്പിനിയും എത്രനാൾ ഞങ്ങൾ
നീയില്ലാത്ത ലോകത്തിനായ്



# You're Beautiful

-HANA-



She  wants to be beautiful,
She goes unnoticed ,
she knows no limits
She craves attention
she praises an image
She prays to be sculpted by the sculptor
Oh, she don't see the light that's shining
Deeper than the eyes can find it
Maybe we have made her blind
So she tries to cover up her pain
And cut her woes away
Because covergirls don't cry
After their face is made
But there's a hope that's waiting for you in the dark
You should know you're beautiful just the way you are
And you don't have to change a thing
The world could change its heart

# വിനീതമായി

-SAMLA THESNI-

From : ഞാൻ

To : കൊറോണ


സുഖമാണെന്ന് വിചാരിക്കുന്നു.... വിനീതനായ ഞാൻ,കൊറോണ കോവിഡ് 19 എന്ന പേരിൽ ഒക്കെ അറിയപ്പെടുന്ന നിങ്ങൾക്ക് ഒരു കത്ത് എഴുതുകയാണ്...


താങ്കൾ ഇപ്പോൾ എവിടെയാണ് എന്ന് അറിയില്ല ഇത് കിട്ടുന്നത് താങ്കൾക്ക് ആണോ അനുയായികൾക്ക് ആണോ എന്നും അറിയില്ല...ഇനി നമുക്ക് കാര്യത്തിലേക്ക് കടക്കാം

ചൈനയിൽ ജനിച്ച വിവിധ രാജ്യങ്ങളിലായി വളർന്ന ഇപ്പോൾ ലോകത്താകമാനം സന്താനങ്ങളും അനുയായികളും ഉള്ള നിങ്ങൾ മെട്രോ ട്രെയിനിനെ പോലും കടത്തിവെട്ടി മൈലുകൾ താണ്ടിയാണ് ഞങ്ങളെ ഈ കൊച്ചു കേരളത്തിൽ എത്തിയിരിക്കുന്നത്... ആദ്യം ഒറ്റസംഖ്യയിൽ തുടങ്ങിയ നിങ്ങളുടെ സഞ്ചാരപാത പതുക്കെ ഇരട്ടയും ഇപ്പോൾ ലക്ഷങ്ങളും കോടികളും കടന്നിരിക്കുന്നു. തുടക്കത്തിൽ നിങ്ങൾ ഞങ്ങൾക്ക് ഒരു പാഠമായിരുന്നു അഹങ്കരിക്കുന്നവൻ തിരിച്ചടിയായും ഭക്ഷണം കഴിക്കുവാൻ വേണ്ടി ജീവിക്കുന്നവരെ ജീവിക്കാൻ വേണ്ടി മാത്രം ഭക്ഷണം കഴിപ്പിച്ചുമൊക്കെ...

എന്നാൽ നിങ്ങൾ കാരണം പൊലിഞ്ഞത് ഒരുപാട് പേരുടെ സ്വപ്നങ്ങളും പ്രതീക്ഷകളും ആയിരുന്നു അഹങ്കരിക്കുന്നവർക്ക് മുന്നിൽ നീ ഒരുപപാഠമായി മാറിയപോയും ഒരു നേരത്തെ അന്നത്തിനു വേണ്ടി കഷ്ടപ്പെടുന്ന അവർക്കുമുന്നിൽ നീ വില്ലനായിരുന്നു....

find yours







Safana




## find Yours






## Yasira



find Yours








Rahila



find Yours





Yasira



# BE THANKFUL



HAVE AN ATTITUDE
OF GRATITUDE.


THANK YOU
REVIV3